**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 611** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക വിഭാഗങ്ങൾക്കായി നടപ്പിലാക്കിയ പദ്ധതികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. കെ. രാജൻ

ശ്രീ. സി. അജയപ്രസാദ്

ശ്രീമതി ഗീതാ ഗോപി

ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** പട്ടികജാതി പട്ടികവർഗ്ഗക്കാരുടെയും പിന്നോക്ക വിഭാഗങ്ങളുടെയും സമഗ്ര ഉന്നമനത്തിനു വേണ്ടി മുൻ സർക്കാർ ആരംഭിച്ച ഉന്നതി പദ്ധതിയുടെ പ്രവർത്തനം സമഗ്ര വിശകലനത്തിന് വിധേയമാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ;

**<u>മറുപടി:</u>** ഉണ്ട്.

പട്ടികജാതി വികസന വകുപ്പിന്റെ നിലവിലുള്ള മുഴുവൻ പദ്ധതികളും ഉന്നതിയിൽ ഉൾപ്പെടുന്നു. കൂടാതെ വകുപ്പിന്റെ പദ്ധതികളായ SAFE (Secure Accommodation and Facility Enhancement), TRACE (Training for Career Excellence) , JWALA (Justice, Welfare And Legal Assistance) എന്നിവയും ഉന്നതിയിൽ വരുന്നവയാണ്. കൂടാതെ നൈപുണ്യ പരിശീലന പദ്ധതികൾ, സ്വയം തൊഴിൽ പദ്ധതി, വിദേശ തൊഴിൽ പദ്ധതി, ഭൂരഹിത പുനരധിവാസ പദ്ധതി, ആരോഗ്യ സുരക്ഷാ പദ്ധതി, ഉന്നതി വനിതാ ഹോസ്റ്റൽ എന്നിവയും ഉന്നതിയിൽ ഉൾപ്പെടുന്നു. വിവാഹ ധനസഹായ പദ്ധതി, ദുർബലവിഭാഗ പുനരധിവാസ പദ്ധതി, പഠനമുറി പദ്ധതി, വിദ്യാഭ്യാസ പദ്ധതി എന്നിവ ഉൾപ്പെടെ കാലികമായി പരിഷ്കരിക്കുകയുണ്ടായി. നിലവിലുള്ള മുഴുവൻ പദ്ധതികളും കാലോചിതമായി പരിഷ്കരിച്ച്, കൂടുതൽ സുതാര്യവും ജനകീയവുമാക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും, മികച്ച രീതിയിൽ പ്രവർത്തനങ്ങൾ പുരോഗമിക്കുകയും ചെയ്യുന്നു.

വിദ്യാസമ്പന്നരായ പട്ടിക വർഗ്ഗക്കാർക്കിടയിൽ സംരംഭകത്വവും സ്റ്റാർട്ടപ്പുകളും പ്രോൽസാഹിപ്പിക്കുന്നതിന് ഈ പദ്ധതി ലക്ഷ്യമിടുന്നു. ബിസിനസ്സ് പ്രോൽസാഹിപ്പിക്കുന്നതിന് പുതിയ നിക്ഷേപങ്ങൾ, ഗവേഷണം, വികസനം, വിപണനം, മറ്റ് പ്രവർത്തനങ്ങൾ എന്നിവയ്ക്കായി സംരംഭകർക്ക് സഹായം നൽകുക എന്നതാണിതിന്റെ ലക്ഷ്യം.

ഉന്നതിയുടെ ഭാഗമായി സംരംഭകത്വ വികസന പരിപാടി നടപ്പാക്കുന്നതിന്റെ ഭാഗമായി, വിവിധ ജില്ലകളിൽ നിന്നും ലഭിച്ച 23 അപേക്ഷകൾ സ്റ്റാർട്ടപ്പ് മിഷന് കൈമാറിയിട്ടുണ്ട്.

പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന ഉന്നതി പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഒന്നും തന്നെ നടപ്പിലാക്കുന്നില്ല.

**(ബി)** പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക വിഭാഗങ്ങളിലെ അതിദരിദ്രകുടുംബങ്ങളുടെ ഉപജീവനവും ഭക്ഷ്യസുരക്ഷയും ഉറപ്പാക്കുന്നതിന് മുൻ സർക്കാർ നടപ്പിലാക്കിയ സുസ്ഥിരവികസന പദ്ധതികൾ വിലയിരുത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ;

**മറുപടി:** പട്ടികജാതി വിഭാഗങ്ങളിലെ അതിദരിദ്ര കുടുംബങ്ങളുടെ ഉപജീവനം ഉറപ്പാക്കുന്നതിനായി നടപ്പിലാക്കി വരുന്ന പദ്ധതികളിൽ അതിദാരിദ്ര്യ കുടുംബങ്ങൾക്ക് മുൻഗണന നൽകുന്നുണ്ട്. വിദേശ തൊഴിൽ ധനസഹായ പദ്ധതി, വ്യക്തികൾക്കും ഗ്രൂപ്പുകൾക്കും സ്വയം തൊഴിൽ ആരംഭിക്കുന്നതിന് സബ്സിഡി അനുവദിക്കുന്ന പദ്ധതി, നിലവിലുള്ള സംരംഭങ്ങൾ വിപുലീകരിക്കുന്നതിനായി സബ്സിഡി അനുവദിക്കുന്ന സമൃദ്ധി കേരളം പദ്ധതി തുടങ്ങിയ പദ്ധതികൾ ഉപജീവനം ഉറപ്പാക്കുന്നതിന് നടപ്പിലാക്കി വരുന്നുണ്ട്. ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിന് പദ്ധതികളൊന്നും ആവിഷ്കരിച്ച് നടപ്പിലാക്കുന്നില്ല.

പട്ടികവർഗ്ഗ വിഭാഗത്തിലെ അതിദാരിദ്ര്യ ജനവിഭാഗങ്ങളുടെ ജീവിത സാഹചര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനു വേണ്ടിയുള്ള എല്ലാ പദ്ധതികൾക്കും സംസ്ഥാന തലത്തിൽ വകുപ്പ് മന്ത്രി, സെക്രട്ടറി, ഡയറക്ടർ തലങ്ങളിൽ വിലയിരുത്തി വേണ്ട നിർദ്ദേശങ്ങൾ യഥാസമയം നൽകുന്നുണ്ട്. കൂടാതെ ജില്ലാ തലത്തിൽ ജില്ലാകളക്ടർ, പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡവലപ്മെന്റ് ഓഫീസർമാർ എന്നീ തലങ്ങളിൽ വിലയിരുത്തുന്നുമുണ്ട്. ഇത് കൂടാതെ ഓരോ ജില്ലയുടെയും പുരോഗതി, വകുപ്പിലെ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ വിലയിരുത്തി വരുന്നുണ്ട്.

കൂടാതെ നിലവിലുള്ള പദ്ധതികളുടെ പോരായ്മകൾ പരിഹരിക്കുന്നതിനായി പട്ടികവർഗ ഉന്നതികളിൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുക, എല്ലാവരും ഉൾക്കൊള്ളുന്ന വികസനം ഉറപ്പാക്കി പട്ടികവർഗക്കാരുടെ മൊത്തത്തിലുള്ള ക്ഷേമം വർധിപ്പിക്കുക എന്നിവ ലക്ഷ്യമാക്കി പട്ടിക വർഗ ഉന്നതികളിലെ അടിസ്ഥാന സൗകര്യങ്ങളിലെ നിർണായക വിടവുകൾ പരിഹരിക്കുന്നതിനുള്ള പ്രത്യേക പാക്കേജ് എന്ന പുതിയ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നു.

ഐ.ടി.ഐ യോഗ്യതയുള്ള പട്ടികവർഗക്കാരായ യുവതീ യുവാക്കൾക്ക് തൊഴിൽ നേടുന്നതിന് വേണ്ടി കെ-ഡിസ്ക് മുഖാന്തരം അഡീഷണൽ നൈപുണ്യ പരിശീലനം നൽകിക്കൊണ്ട് തൊഴിൽ ലഭ്യമാക്കുന്ന പദ്ധതിയായ ഉന്നതി വിജ്ഞാന കേരള പദ്ധതി നടപ്പിലാക്കി വരുന്നു.

പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവരെ അതിദാരിദ്ര്യ മുക്തമാക്കുന്നതിന് അടിയ പണിയ പ്രത്യേക ദുർബല ഗോത്ര വർഗക്കാർ - വനത്തിൽ ജീവിക്കുന്ന പട്ടികവർഗക്കാർ എന്നിവർക്കുള്ള പ്രത്യേക പരിപാടി, ഭക്ഷണത്തിനുള്ള സഹായം/ഭക്ഷ്യസുരക്ഷയ്ക്കുള്ള പരിപാടി, സമഗ്ര പട്ടികവർഗ്ഗ ആരോഗ്യ സംരക്ഷണം, ഭവന നിർമ്മാണം - അപൂർണ്ണമായ വീടുകളുടെ പൂർത്തീകരണം, ഭവനരഹിത പട്ടികവർഗക്കാരുടെ ഭവന നിർമ്മാണം, അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി, പട്ടികവർഗ ഉന്നതികൾക്കായുള്ള ഉപജീവനമിഷൻ, പട്ടികവർഗക്കാർക്കായുള്ള വരുമാനദായക കാർഷിക ഉദ്യമം, കേരള ട്രൈബൽ പ്ലസ്, പട്ടിക വർഗ്ഗ ക്ഷേമ സ്ഥാപനങ്ങൾക്കുള്ള സഹായം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

**(സി)** ഉന്നതി പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ജില്ലാതലത്തിൽ ഏകോപിപ്പിക്കുന്നതിന് വേണ്ടി മുൻ സർക്കാർ നടപ്പിലാക്കിയ കുറ്റമറ്റ സംവിധാനങ്ങൾ തുടർന്നും പിന്തുടരുന്നതിനുദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ;

**മറുപടി:** ടി പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ അവലോകനയോഗം നടത്തി, കൂടുതൽ കാര്യക്ഷമമാക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു.

**(ഡി)** പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക വിഭാഗങ്ങളിൽപ്പെടുന്ന യുവജനങ്ങളുടെ തൊഴിൽ ശേഷിയും തൊഴിൽ പങ്കാളിത്തവും മെച്ചപ്പെടുത്തുന്നതിന് വേണ്ടി മുൻ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ തുടരുന്നതിനുദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ?

**മറുപടി:** പട്ടികജാതി വിഭാഗങ്ങളിലെ യുവജനങ്ങളുടെ തൊഴിൽ ശേഷിയും തൊഴിൽ പങ്കാളിത്തവും മെച്ചപ്പെടുത്തി പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് വരുമാനവും തൊഴിലും പ്രദാനം ചെയ്യുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടുകൂടി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. യുവതീയുവാക്കൾക്ക് വിദേശത്തേക്കുള്ള യാത്ര സംബന്ധമായ ചെലവുകൾ നേരിടുന്നതിനായി ഒരു ലക്ഷം രൂപ ധനസഹായം അനുവദിക്കുന്നു. ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ളതും അല്ലാത്തവരുമായ തൊഴിൽ രഹിതരായവർക്ക് വിവിധ മേഖലകളിൽ തൊഴിൽ ഉറപ്പാക്കുന്നതിന് നൈപുണ്യ പരിശീലന പരിപാടികൾ നടപ്പിലാക്കുന്നു. സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വ്യക്തികൾക്ക് ഒരു ലക്ഷം രൂപയും ഗ്രൂപ്പുകൾക്ക് 10 ലക്ഷം രൂപ വരെയും പരമാവധി സബ്സിഡി അനുവദിക്കുന്ന പദ്ധതി, സമൃദ്ധി കേരളം പദ്ധതി മുഖേന നിലവിലുള്ള സംരംഭങ്ങൾ വിപുലീകരിക്കുന്നതിനായി സബ്സിഡി അനുവദിക്കുന്ന പദ്ധതി, വിദ്യാസമ്പന്നരായ പട്ടികജാതിയിൽപ്പെട്ട യുവതീയുവാക്കൾക്ക് തൊഴിൽ നേടുന്നതിന് തൊഴിൽ പരിചയം ലഭ്യമാക്കുന്നതിന് ആവശ്യമായ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

പട്ടികവർഗ്ഗ യുവജനങ്ങളുടെ തൊഴിൽ ശേഷിയും തൊഴിൽ പങ്കാളിത്തവും മെച്ചപ്പെടുത്തുന്നതിനായി മുൻകാലങ്ങളിൽ നടപ്പിലാക്കി വന്നിരുന്ന പദ്ധതികൾ നിലവിൽ തുടർന്ന് വരുന്നുണ്ട്. വിദ്യാഭ്യാസപരമായി മുന്നേറിക്കൊണ്ടിരിക്കുന്ന പട്ടികവർഗ്ഗ വിഭാഗക്കാർക്കിടയിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും, അവരെ ഉപജീവന മാർഗ്ഗം സ്വായത്തമാക്കാൻ പ്രാപ്തരാക്കുന്നതിനും പട്ടികവർഗ വികസന വകുപ്പ് പ്രതിജ്ഞാബദ്ധമാണ്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവജനങ്ങളെ ആധുനിക തൊഴിൽ സാധ്യതകൾക്ക് അനുയോജ്യരായ രീതിയിൽ സജ്ജരാക്കുന്നതിനും അവരുടെ ജീവിതനിലവാരം ഉയർത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

പിന്നാക്ക വിഭാഗ വികസന വകുപ്പിൽ, മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച വിവിധ വികസന പദ്ധതികൾ അവയുടെ പ്രസക്തി, പുരോഗതി, സാമ്പത്തിക ലഭ്യത എന്നിവ വിലയിരുത്തി തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. തൊഴിൽ പരിശീലനവും നൈപുണ്യ വികസനവും ലക്ഷ്യമിട്ട് ആരംഭിച്ചിട്ടുള്ള പദ്ധതികൾ കാലികമായി പുതുക്കി തുടരുന്നത് പരിഗണിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**